**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6225 — 02.04.2018 -ൽ മറുപടിക്ക്

## മാലിന്യരഹിതമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നിലവിൽ ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ മാലിന്യ രഹിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്; | എ) നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരു ടൂറിസം കേന്ദ്രത്തെയും മാലിന്യ രഹിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടില്ല. |
| ബി) വിവിധ ടൂറിസം സംരംഭകരുമായി ചേർന്ന് മാലിന്യ സംസ്കരണത്തിനായി സംയുക്ത പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണത്തിനും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ.കളുമായി സഹകരിച്ചു കൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തി വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ, എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്ന ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ "സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.റ്റി.പി)" സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് |

ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസികളുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് ബോധവത്ക്കരണവും പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമ പഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജനത്തിന് 45 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സി) ടൂറിസം മേഖലയിൽ പ്രകൃതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സി) പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയുള്ള വികസന പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചു വരുന്നത്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം തന്നെ ഇത്തരത്തിലുള്ളവയാണ്. ഗ്രീൻ പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങളാണ് വൻകിട പദ്ധതികളടക്കം മുൻഗണന നൽകുന്നത്. പരിസ്ഥിതിയ്ക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള നിർമ്മാണം ഒഴിവാക്കുക, നിർമ്മാണ വസ്തുക്കൾ പരിസ്ഥിതി സൗഹൃദമാക്കുക എന്നിവയിലൂന്നിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ, റെസ്റ്റോറന്റ്, ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ എന്നിവയും പരിസ്ഥിതി സൗഹാർദ്ദത്തിലൂന്നിയുള്ളതാണ്. ഇക്കോ ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നീ പദ്ധതികൾ പ്രകൃതി സൗഹൃദ നിർമ്മാണത്തിലൂന്നി യുള്ളവയാണ്.

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി " നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് "എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദമായ ഒരു റിവർ ക്രൂയിസ് സർക്യൂട്ട് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ